കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ല - കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് - 2007-08 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3(16) – സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.152/2014/തസ്വഭ തിരുവനന്തപുരം, തീയതി: 18/01/2014

പരാമർശം: 1) 16/04/2013-ലെ പഞ്ചായത്ത് ഡയറക്ടറുടെ എം3-10226/13 നമ്പർ കത്തും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 11/12/2012 തീയതിയിലെ 1(2) നമ്പർ തീരുമാനവും ഗ്രാമപഞ്ചായത്തിന്റെ 09/11/2011-ലെ 25-ാം നമ്പർ തീരുമാനവും

2) 28/10/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ L.F P.T2/10971/2013 നമ്പർ കത്ത്.

## ഉത്തരവ്

ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-16 പ്രകാരം 4,80,358/- രൂപ ചെലവഴിച്ചത് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കണമെന്ന് ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 11/12/2012 1(2) നമ്പർ തീരുമാനത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെയും 09/11/2011-ലെ 25-ാം നമ്പർ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

30/03/2004-ലെ സർക്കാർ ഉത്തരവ് നമ്പർ 40/04 പ്ലാനിംഗ് ഉത്തരവിൽ പ്രതിപാദിക്കാത്ത ഇനമാണ് അരി വിതരണവും എന്നിരുന്നാലും ആശ്രയ പദ്ധതിയിൽപ്പെടാത്ത ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന സാധുക്കളായ ആളുകൾക്ക് വളരെയധികം പ്രയോജനപ്പെടുമെന്നതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെയും 11/12/2012-ലെ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ 4,80,358/- രൂപയുടെ ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിന്റെ 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-16

പ്രകാരം തടസ്സപ്പെടുത്തിയ 4,80,358/- രൂപയുടെ (നാല് ലക്ഷത്തി എൺപതിനായിരത്തി മുന്നൂറ്റി അമ്പത്തിയെട്ട് രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പ്രസന്നകുമാരി. എം.സി.
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
സെക്രട്ടറി, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്, ഇടുക്കി
ഇൻഫർമേഷൻ കേരള മിഷൻ, കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ